മിസ്റ്റർ പി. കെ. പോൾ: ഇതിൽ ര ഇനത്തിനും ഒന്നുംതന്നെ വരവുണ്ടായില്ലാ യെന്നു പറയുന്നുണ്ട്. ഒന്നും കിട്ടിയില്ലായെന്നാണോ പറയുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വരവുണ്ടായിട്ടില്ലായെന്നു പറഞ്ഞതിൽ, ഒന്നു മധുര നാരങ്ങയാണു്. അതു പരീക്ഷാത്ഥ്മാണു് അവിടെ തുടങ്ങിയതു്. ഒന്നും കിട്ടിയില്ലായെന്നുള്ളതിന്റെ അത്ഥം ഒന്നും ഉണ്ടായില്ലായെന്നാണു്. (ചിരി).

WATER PIPE-LINE TO ERIYAD-AZHIKODE, ETC.

390. മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

എറിയാട്-അഴീക്കോടു് എന്നീ വില്ലേജുകളിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനു ഗവൺമെണ്ടു് വല്ല പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം?

റാവുസാഹിബ് കെ. അയ്യപ്പൻ:

ഇല്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: അവിടെ നല്ലവെള്ളം കൊടുക്കണമോ യെന്നാണോ, ഗവൺമെണ്ടിന്റെ ഉദ്ദേശം?

റാവു സാഹിബ് കെ. അയ്യപ്പൻ: കൊടുക്കണമോ എന്നുള്ള ഉദ്ദേശമില്ല. പക്ഷെ, അതിനേക്കാൾ അത്യാവശ്യമായ സ്ഥലങ്ങളിൽ കൊടുത്തതിനുശേഷം, അവിടത്തെ കാര്യത്തെപ്പറ്റി ആലോചിയ്ക്കാം. വൈപ്പിൻ കരയിലും മറ്റും വെള്ളംകിട്ടാൻ വളരെ ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു് ഇപ്പോൾ അത്യാവശ്യമായിട്ടുള്ളതു് അവിടത്തെ കാര്യമാണു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: വൈയ്പിൻ കരയെപ്പോലെതന്നെ വെള്ളം കിട്ടാൻ വളരെ ബുദ്ധിമുട്ടുള്ള സ്ഥലമാണു് എന്നു ഗവൺമെണ്ടിനറിയാമോ?

റാവു സാഹിബ് കെ. അയ്യപ്പൻ: അവിടെ പൈപ്പു ലയിൻ കൊണ്ടുവരാൻ വളരെ വിഷമമുണ്ടു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: വൈപ്പിൻ കരയിലെ പോലെതന്നെ വെള്ളം കിട്ടാൻ തീരെ സൌകര്യമില്ലാത്ത സ്ഥലമാണു് എറിയാടു് എന്നുള്ളതു് ഗവൺമെണ്ടിനറിയാമോ?

റാവു സാഹിബ് കെ. അയ്യപ്പൻ: അവിടെയും വെള്ളത്തിനു വിഷമമുണ്ടെന്നു അറിയാം. പക്ഷേ, ആലുവാ വെള്ളം അങ്ങോട്ടു കൊണ്ടുപോകുന്നതിനു വിഷമമുണ്ടു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ആലുവാ വെള്ളം വേണമെന്നില്ല. ശുദ്ധജലം കുടിക്കാൻ കിട്ടിയാൽമതി.

റാവു സാഹിബ് കെ. അയ്യപ്പൻ: അതിനു് ബോറിങ്ങുചെയ്തു നല്ല വെള്ളം കിട്ടാൻ വഴിയുണ്ടോ എന്നു നോക്കണം.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: അക്കാര്യത്തിൽ എനിക്കൊന്നു തോന്നുന്നുണ്ടു്. അക്കാര്യത്തിൽ അതിൻവണ്ണം ചെയ്താൽ നന്നായിരിക്കുമെന്നു തോന്നുന്നു. അതായതു്, എറിയാടു് ഒരു കുളമുണ്ടു്. ഇപ്പോൾ മാനാഞ്ചിറയിൽനിന്നു വെള്ളമെടുക്കുന്നതുപോലെ ആ കുളത്തിൽ നിന്നു വെള്ളമെടുത്തു സപ്ലൈ ചെയ്താൽ അവിടെയുള്ളവർക്കു കുറച്ചൊരാശ്വാസമുണ്ടാകും. അങ്ങിനെ ചെയ്യാൻ ദയവുണ്ടാകുമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അഴീക്കോടു പാലത്തിന്റെ പടിഞ്ഞാറെ ഭാഗത്തുകിണറോ, കുളമോ കുഴിച്ചാൽ നല്ലവെള്ളം കിട്ടുകയില്ലേ?

റാവു സാഹിബ് കെ. അയ്യപ്പൻ: ഗവൺമെണ്ടിനു അതിനെപ്പറ്റി നിശ്ചയമില്ല.

LABOUR UNIONS—REGISTRATION OF

391. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) കൊച്ചിയിലെ ലേബർ യൂണിയനുകൾ രജിസ്ട്രേഷനു് അപേക്ഷിച്ചാൽ അവക്കു് രജിസ്ട്രേഷൻ സർട്ടിഫിക്കറു നൽകാൻ വളരെ താമസം നേരിടുന്നുവെന്നുള്ള വസ്തുത ഗവൺമെണ്ടിനറിയാമോ;